# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഐസ്ക്രീം പാർലർ പെൺവാണിഭക്കേസ്**

**4994**

**ശ്രീ. കെ. സുരേഷ് കുറുപ്പ്**
**,, കെ. വി. വിജയദാസ്**
**,, ബി. സത്യൻ**
**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഐസ്ക്രീം പാർലർ പെൺവാണിഭക്കേസ് അട്ടിമറിക്കാൻ ശ്രമിച്ചു എന്ന ആരോപണം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;**

(ബി) **ആരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു അന്വേഷണം; വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു;**

(സി) **അന്വേഷണ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു;**

(ഡി) **കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് അവസാനിപ്പിക്കുകയാണെന്ന് കാണിച്ച് അന്വേഷണ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;**

(ഇ) **ഏതെങ്കിലും കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ ഘട്ടത്തിൽ അതീവരഹസ്യമായി കേസ് എഴുതിത്തള്ളാനിടയായ സാഹചര്യം എന്തായിരുന്നു ?**

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>തീവ്രവാദ പ്രവർത്തനങ്ങൾ</u>**

4995 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**,, ജി. സുധാകരൻ**
**,, പി. ശ്രീരാമകൃഷ്ണൻ**
**,, കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദ പ്രവർത്തകർ സംസ്ഥാനത്ത് എത്തുന്നുണ്ടോ;

(സി) ഏതെല്ലാം തീവ്രവാദ സംഘടനകളാണിപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്; മറ്റേതെങ്കിലും പേരുകളിലാണോ ഇവ പ്രവർത്തിച്ചുവരുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### മാവോയിസ്റ്റ് സാന്നിദ്ധ്യം

4996 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം വർദ്ധിക്കുന്നതായി കേന്ദ്രസംസ്ഥാന രഹസ്യാന്വേഷണ റിപ്പോർട്ട് ഉണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇവയെ നേരിടാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്;

(സി) ആയതിനായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>തീവ്രവാദികളുടെ സാന്നിദ്ധ്യം</u>**

**4997 ശ്രീ. ഷാഫി പറമ്പിൽ**
**,, വി. റ്റി. ബൽറാം**
**,, ഹൈബി ഈഡൻ**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് തീവ്രവാദികളുടെ സാന്നിദ്ധ്യം ഉള്ളതായി ഇന്റലിജൻസ് ഏജൻസികൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം;**

(ബി) **പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ചുള്ള അന്വേഷണം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?**

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വർഗീയ സംഘർഷങ്ങൾ</u>

4998

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ വർഗീയ സംഘർഷവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഈ കേസുകളിലെല്ലാം കൂടി എത്ര പ്രതികളാണ് ഉള്ളതെന്നറിയിക്കാമോ;

(സി) ഇതിൽ സർക്കാർ എഴുതിത്തള്ളുകയോ പിൻവലിക്കുകയോ ചെയ്ത കേസുകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം കേസുകളാണെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### നോട്ടുകെട്ടുകൾ ഉപയോഗിച്ചുള്ള ചാനൽ പരിപാടി

4999 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു മലയാളം സ്വകാര്യ ചാനലിൽ നോട്ടുകെട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിപാടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ചാനലാണെന്നും പരിപാടിയുടെ പേര് എന്താണെന്നും ഈ പരിപാടിയുടെ പ്രൊഡ്യൂസർ ആരാണെന്നും വ്യക്തമാക്കുമോ;

(സി) രാജ്യത്ത് നോട്ടുകൾ ഉപയോഗിച്ചുള്ള കളി നിരോധിച്ചിട്ടുണ്ടോ; ഇത് നിയമവിരുദ്ധമാണോ; എങ്കിൽ പ്രസ്തുത നിയമത്തിന്റെ പ്രസക്തഭാഗം വ്യക്തമാക്കുമോ;

(ഡി) ഉത്സവ പറമ്പുകളിൽ നോട്ടുകൾ ഉപയോഗിച്ചുള്ള ചീട്ട് കളിയും ഇതേ പോലുള്ള ചാനൽ പരിപാടിയും ഒരുപോലെ നിയമലംഘനമല്ലേ;

(ഇ) അല്ലെങ്കിൽ പ്രസ്തുത പരിപാടി നിയമലംഘനമാകാതിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ:

(എഫ്) ആണെങ്കിൽ ഈ പരിപാടി നിരോധിക്കുകയും ഇതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ**

5000 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്;

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി**

5001 ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി നിലവില്‍ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഗുണങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതല്‍ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>കേന്ദ്ര രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഇന്റലിജൻസ് റിപ്പോർട്ടുകൾ</u>**

5002 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേന്ദ്ര രഹസ്യാന്വേഷണ വിഭാഗം സംസ്ഥാന സർക്കാരിനും,. സംസ്ഥാന പോലീസ് ചീഫിനും എത്ര ഇന്റലിജൻസ് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഓരോന്നിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അവ ഓരോന്നിലും സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>പോലീസ് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ടുകൾ</u>**

**5003 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളിൽ ചേരിതിരിവുകൾ ഉടലെടുക്കാൻ പ്രേരിതമാകും വിധത്തിൽ പോലീസ് രഹസ്യാന്വേഷണവിഭാഗം റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുക വഴി സംസ്ഥാനത്ത് ഉണ്ടാകാനിടയുള്ള ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജീവന് ഭീഷണിയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട്**

5004 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം സംസ്ഥാനത്തെ ഏതൊക്കെ വ്യക്തികൾക്ക് ജീവന് ഭീഷണിയുണ്ടെന്ന് കാണിച്ച് സംസ്ഥാന സർക്കാരിലേയ്ക്ക് ഇന്റലിജൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഓരോ റിപ്പോർട്ടിന്റെയും പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഓരോ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോലീസിലെ തീവ്രവാദബന്ധമുള്ളവരുടെ നിയന്ത്രണം**

**5005 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ തീവ്രവാദബന്ധമുള്ളവർ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കേന്ദ്ര / സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം ഇന്റലിജൻസ് റിപ്പോർട്ടുകൾ**

5006

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും കേന്ദ്ര രഹസ്യാന്വേഷണ വിഭാഗവും ഏതെല്ലാം തരത്തിലുള്ള ഇന്റലിജൻസ് റിപ്പോർട്ടുകളാണ് സംസ്ഥാന സർക്കാരിലേക്ക് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഓഫീസിൽ നിന്ന് ഉത്ഭവിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ടുകളിന്മേൽ സർക്കാരിന്റെ ഏതൊക്കെ തലങ്ങളിലാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഇന്റലിജൻസ് റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്ന നടപടി**

5007 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം തലവൻ സംസ്ഥാന സർക്കാരിലേക്ക് 'രഹസ്യം' എന്ന് രേഖപ്പെടുത്തി നൽകുന്നതും, അനൗദ്യോഗികവും സ്ഥിരീകരിക്കാത്തതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും, സ്വീകർത്താവിന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ഫയലുകളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണെന്നും, പകർപ്പുകൾ മറ്റു വകുപ്പുകളിലേക്ക് ചുവടെഴുത്ത് നടത്താൻ പാടില്ലെന്നും നിഷ്ക്കർഷിച്ച് നൽകുന്നതുമായ ഇന്റലിജൻസ് റിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നത് സംസ്ഥാനത്തിന്റെ പൊതു സമാധാനത്തെയും ആഭ്യന്തര സുരക്ഷയേയും ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**തീരദേശ പോലീസ് സ്റ്റേഷനുകള്‍**

**5008** **ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകള്‍ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രവര്‍ത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളില്‍ എത്ര പോലീസുകാരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കടല്‍ നിരീക്ഷണത്തിനായി കോസ്റ്റല്‍ പോലീസിന് പ്രത്യേക പരിശീലനം നല്‍കാറുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മരുന്ന് കമ്പനികൾക്ക് നൽകാനുള്ള ഡിമാന്റ്ഡ്രാഫ്റ്റ് തിരിമറി**

5009 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് മരുന്നു കമ്പനിക്ക് നൽകാനുള്ള 4.29 ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് തട്ടിയെടുത്തത് സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു; അവർ ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽ തുടരുന്നുണ്ടോ;

(സി) പ്രസ്തുത കേസിൽ കുറ്റപത്രം നല്കിയിട്ടുണ്ടായിരുന്നുവോ; ഈ കേസിൽ കോടതിയിൽ നിന്നും വിധി ഉണ്ടായിട്ടുണ്ടോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>പോലീസ് വകുപ്പിൽ ഏകജാലക സംവിധാനം</u>**

5010 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പരാതികൾ നൽകാൻ ഏകജാലക സംവിധാനം നിലവിലുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനം ഇപ്പോൾ എവിടെയൊക്കെയാണ് നിലവിലുള്ളത്?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>സ്റ്റുഡന്റ് പോലീസ് കേഡറ്റിംഗ്</u>**

**5011 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റിംഗ് ഇപ്പോൾ എല്ലാജില്ലയിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂളിലെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പരാതികൾ ഓൺ ലൈനായി സ്വീകരിക്കുന്നതിന് നടപടി**

**5012** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **പോലീസ് സ്റ്റേഷനുകളിൽ നടപടിയെടുക്കേണ്ട പരാതികൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;**

(ബി) **എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;**

(സി) **പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ പരാതികൾ ഓൺലൈൻ വഴി സ്വീകരിച്ചു മറുപടി അറിയിക്കുന്നതിന് കൂടുതൽ ഐ. ടി. അധിഷ്ഠിത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**നിഷ്പക്ഷവും നിയമാനുസൃതവുമായ പോലീസ് സംവിധാനം**

5013 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ മുൻ സർക്കാരിന്റെ കാലത്ത് രൂപം കൊണ്ട ശക്തമായ ചില രാഷ്ട്രീയ ചേരിതിരിവ് അവരുടെ പ്രവർത്തനത്തിലെ നിഷ്പക്ഷതയെ ദോഷകരമായി ബാധിച്ചിട്ടുളള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) മാറിമാറിവരുന്ന സർക്കാരുകളുടെ രാഷ്ട്രീയം പരിഗണിക്കാതെ പോലീസ് നിഷ്പക്ഷമായും നിയമാനുസൃതമായും പ്രവർത്തിക്കാനും, ജനങ്ങൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കാനും ഉതകും വിധത്തിൽ പോലീസ് സംവിധാനത്തെ മാറ്റിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>സൈബർ സെല്ലുകളുടെ കാര്യക്ഷമത</u>**

5014 ശ്രീ. പാലോട് രവി
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി സൈബർ സെല്ലുകളെ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോലീസിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് സെന്റർ**

5015 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നത് തടയാൻ പോലീസിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കൗൺസലിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി**

5016 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അഴിമതിയെക്കുറിച്ച് വിവരം ശേഖരിക്കുന്നതിന് ഏർപ്പെടുത്തിയ പ്രത്യേക സംവിധാനം എന്താണെന്ന് വിശദമാക്കുമോ;**

(ബി) **'വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി' നടപ്പാക്കുന്നതിന് നാലംഗ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ;**

(സി) **മേൽപ്പറഞ്ഞ സംവിധാനം ഏർപ്പെടുത്തിയതിന് ശേഷം അഴിമതിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ എത്ര; ഇവയിൽ എത്രയെണ്ണം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്; അഴിമതി നടന്നതായി തെളിഞ്ഞ കേസുകൾ എത്ര; അവ ഏതൊക്കെയാണ് വിശദമാക്കുമോ?**

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>ഓപ്പറേഷൻ ഗ്രാമം</u>**

T5017 **ശ്രീ. വി. എസ്. സുനിൽ കുമാർ**
**,, പി. തിലോത്തമൻ**
**,, ഇ. കെ. വിജയൻ**
**,, ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യാപകമായി പഞ്ചായത്ത് ആസ്ഥാനങ്ങളിൽ ഓപ്പറേഷൻ ഗ്രാമം എന്ന പേരിൽ വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റെയ്ഡുകളിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ക്രമക്കേടുകൾക്കുത്തരവാദികളായവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സീക്രട്ട് സെൽ - റിപ്പോർട്ടുകളുടെ പരസ്യപ്പെടുത്തൽ**

5018 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര വകുപ്പിൽ സീക്രട്ട് സെൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സീക്രട്ട് സെല്ലിൽ ലഭിക്കുകയും അവിടെ നിന്ന് ഉൽഭവിക്കുകയും ചെയ്യുന്ന ഫയലുകളുടെയോ മറ്റ് റിപ്പോർട്ടുകളുടെയോ പകർപ്പുകൾ നിയമസഭാംഗങ്ങളുടെ ആവശ്യപ്രകാരമോ വിവരാവകാശനിയമ പ്രകാരമോ പരസ്യപ്പെടുത്താറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര ഫയലുകളുടെയും റിപ്പോർട്ടുകളുടെയും പകർപ്പുകൾ പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>നിരോധന ഉത്തരവ് ലംഘിച്ച് പ്രകടനം</u>**

5019 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**
**,, പി. ബി. അബ്ദുൾ റസാക്**
**,, വി. എം. ഉമ്മർ മാസ്റ്റർ**
**,, സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ എം. ജി. റോഡിൽ പ്രകടനങ്ങൾ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ നിരോധനം പ്രാബല്യത്തിലുള്ള സമയം ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) 2012 ജൂൺ 11 മുതൽ ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം സംഘടനകൾ നിരോധനം ലംഘിച്ച് പ്രകടനങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ;

(സി) ഇതിൽ ഏതൊക്കെ സംഘടനകൾ എത്ര തവണ വീതം പ്രകടനം തടയാൻ ശ്രമിച്ച പോലീസിനെ ആക്രമിക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്;

(ഡി) നിരോധനം ലംഘിച്ചതിനും പോലീസിനെ ആക്രമിച്ചതിനും പൊതുമുതൽ നശിപ്പിച്ചതിനുമെതിരെ എത്ര പേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഇ) ഇത്തരം കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി ചാർജ്ഷീറ്റ് കോടതിക്കു നൽകാൻ നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോലീസ് പരാതി അതോറിറ്റിയുടെ പ്രവര്‍ത്തനം**

**5020 ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പോലീസ് പരാതി അതോറിറ്റിയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അതോറിറ്റിയുടെ ചെയര്‍മാനും മറ്റ് അംഗങ്ങളും ആരെല്ലാമാണ് ;

(സി) അതോറിറ്റിക്ക് ഇതിനകം എത്ര പരാതികള്‍ ലഭിച്ചു;

(ഡി) ലഭിച്ച പരാതികളില്‍ എടുത്ത തീരുമാനങ്ങള്‍ എന്തൊക്കെയാണ് ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>സ്ത്രീകളുടെ അന്തസ്സ് ഉയർത്തുന്നതിനുള്ള കർമ്മ പരിപാടി</u>**

**5021** ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ അന്തസ്സ് ഉയർത്തുന്നതിന് സഹായകമാകുന്ന എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി ഒരു പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) സ്ത്രീകളെ ആക്ഷേപിക്കുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടിക്കുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമ്മാണങ്ങൾ**

5022

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കു നേരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ വീണ്ടും നിയമം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിലേക്ക് നയിച്ച സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്ക് നേരെ ഉണ്ടായ ഏതെല്ലാം നിലയിലുള്ള കുറ്റങ്ങൾക്കെതിരെ, എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി; വിശദമാക്കാമോ; ഇപ്പോഴും അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ ശിക്ഷിച്ചിട്ടില്ലാത്ത കേസുകൾ എത്ര;

(സി) ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് വേണ്ടി എന്തെല്ലാം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഈ നിയമങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വിദേശത്ത് പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ**

5023 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ ഏതെല്ലാമാണ്; ഇതിനായി ഹാജരാക്കേണ്ട രേഖകളെന്തെല്ലാമാണ്; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(സി) സർട്ടിഫിക്കറ്റുകൾ ആഭ്യന്തര വകുപ്പിൽ ഹാജരാക്കുന്നതിന് ഏജന്റുമാരെ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ചും ഇല്ലെങ്കിൽ അത് സംബന്ധിച്ചും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ എത്ര ദിവസത്തിനകം സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഉത്തരവിന്റേയോ സർക്കുലറിന്റേയോ പകർപ്പ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>മുൻ സർക്കാരിന്റെ കാലത്ത് പിൻവലിച്ച കേസുകൾ</u>**

**5024 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ബി) ഇതിൽ മുൻ മന്ത്രിമാരുടെയോ, എം.എൽ.എ. മാരുടെയോ, എം.പി. മാരുടെയോ, മന്ത്രി പുത്രൻമാരുടെയോ പേരിലുള്ള കേസുകൾ എത്രയെണ്ണമുണ്ടായിരുന്നുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പിൻവലിച്ച കേസുകളുടെ വിശദാംശം</u>

**5025 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേസ്സുകളുടെ വിശദാംശങ്ങളും പ്രതിപട്ടികയിൽപെട്ടവരുടെ വിവരവും ജില്ലതിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പോലീസ് കേസുകൾ പിൻവലിക്കുന്നതിനായി ഉത്തരവുകൾ</u>

5026 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തരവകുപ്പിൽ നിന്നും പോലീസ് കേസുകൾ പിൻവലിക്കുന്നതിനായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇതിൽ മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന കേസുകൾ എത്രയായിരുന്നു; അവ ഏതൊക്കെയായിരുന്നു; ഇതിൽ വിജിലൻസ് കേസുകൾ ഉണ്ടെങ്കിൽ അവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ;

(സി) കേസുകൾ പിൻവലിക്കുന്നതിനായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പിൻവലിക്കപ്പെട്ട കേസുകൾ</u>

5027 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ യു. ഡി. എഫ് പ്രവർത്തകർ പ്രതികളായിട്ടുളള എത്ര കേസുകൾ പിൻവലിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ എൽ. ഡി. എഫ് പ്രവർത്തകർ പ്രതികളായിട്ടുളള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(സി) കേസുകൾ പിൻവലിക്കുന്നതിനായി ഇതിനകം ലഭിച്ച എത്ര അപേക്ഷകളാണ് ഇപ്പോൾ പരിഗണനയിലുളളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ടോട്ടൽ ഫോർയൂ തട്ടിപ്പ് കേസ്**

5028

**ശ്രീ സി. മമ്മൂട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക തട്ടിപ്പ് കേസായ ടോട്ടൽ ഫോർയൂ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിലെ പ്രധാന പ്രതികൾ ആരൊക്കെയാണ്; അവരെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഈ കേസിലെ പ്രതിയായ ശബരീനാഥിന് ഉന്നതരുമായി ഉളളതായി റിപ്പോർട്ടു ചെയ്യപ്പെട്ട ബന്ധത്തെക്കുറിച്ചും ഉന്നതർക്ക് തട്ടിപ്പിലുളള ബന്ധത്തെക്കുറിച്ചും അന്വേഷിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തശേഷം ശബരീനാഥ് വേറെ ഏതെങ്കിലും സാമ്പത്തികത്തട്ടിപ്പു കേസുകളിലോ മറ്റുക്രിമിനൽ കേസുകളിലോ പ്രതിയായിട്ടുണ്ടോ; എങ്കിൽ അതിന്റെയെല്ലാം വിശദ വിവരം നല്കാമോ;

(ഇ) ശബരിനാഥിനെതിരെ അറസ്റ്റ് വാറണ്ട് നിലവിലുണ്ടോ; അത് നടപ്പാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>അഡ്വാൻസ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്</u>**

5029

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു കഴിഞ്ഞതും, വോട്ടർ ഐ. ഡി. രേഖകൾ ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനത്തിന് പോകുമ്പോൾ തത്ക്കാൽ സ്കീമിൽ ഉൾപ്പെടുത്തി പാസ്പോർട്ട് എടുക്കേണ്ട ആവശ്യത്തിനായി ആഭ്യന്തര വകുപ്പിൽ നിന്നും അഡ്വാൻസ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകാറുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ മേൽപ്പറഞ്ഞ വിധം ആർക്കെങ്കിലും വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിനായി കൊല്ലം ഓഫീസിൽ സമീപിക്കുന്ന ഉദ്യോഗാർത്ഥികളെ അപേക്ഷ വാങ്ങാതെ മടക്കി അയക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ;

(ഡി) അപേക്ഷകൾ നൽകുമ്പോൾ അവ രേഖാമൂലം വാങ്ങിയ ശേഷം നിരസിക്കണമെന്ന രേഖാമൂലം നിരസിക്കുന്നുവെന്ന സാമാന്യനീതി പാലിക്കുവാൻ ബന്ധപ്പെട്ട ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കുറ്റകൃത്യം ആരോപിക്കപ്പെട്ട നിയമസഭാംഗം.**

5030

**ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ കേരള നിയമസഭാംഗമായ ഏതെങ്കിലും വ്യക്തി ക്യാപിറ്റൽ പണിഷ്മെന്റ് ലഭിക്കാവുന്ന കുറ്റകൃത്യം ആരോപിക്കപ്പെട്ട് എഫ്. ഐ. ആറിൽ പേര് ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഏതെല്ലാം സ്റ്റേഷനിലാണ്; വിശദാംശം നൽകാമോ;

(സി) ഈ കുറ്റകൃത്യങ്ങൾ അവർ എം. എൽ. എ.മാരായ കാലഘട്ടത്തിൽ നടന്നതാണോ;

(ഡി) എഫ്. ഐ. ആറിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

5031 ശ്രീ. ഷാഫി പറമ്പിൽ
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള അന്യസംസ്ഥാനക്കാരുടെയും അന്യ സംസ്ഥാന തൊഴിലാളികളുടേയും കാര്യത്തിൽ എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇവരുടെ മുഴുവൻ വിവരങ്ങൾ അടങ്ങുന്ന ഡേറ്റാ ബാങ്ക്
തയ്യാറാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവർക്ക് രജിസ്ട്രേഷനുള്ള സൗകര്യം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>വനിതാപോലീസ് സ്റ്റേഷൻ</u>**

5032 **ശ്രീമതി ഇ. എസ്. ബിജി മോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനിതാപോലീസ് ഓഫീസർമാർക്ക് പ്രൊമോഷൻ തസ്തികകളിൽ 10% സംവരണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) താലൂക്ക് തലത്തിലോ മുനിസിപ്പാലിറ്റി തലത്തിലോ വനിതാ സെല്ലുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സ്വതന്ത്ര അധികാരം വനിതാ ഓഫീസർമാർക്ക് നല്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ ജില്ലയിലും വനിതാപോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സൈബർ പരാതിയിന്മേലുള്ള അന്വേഷണം**

5033 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെല്ലിൽ നം. 5904/സി.എം.പി.ജി.ആർ.സി.3/എസ്.കെ/2012 ജി.എ.ഡി. പ്രകാരം സമർപ്പിച്ചതും പത്തനംതിട്ട ജില്ലാ സൈബർ സെല്ലിലേയ്ക്ക് അന്വേഷണത്തിനായി അയച്ചിട്ടുള്ളതുമായ കേസ്സിന്റെ നിലവിലുള്ള പുരോഗതി അറിയിക്കുമോ ;

(ബി) തിരുവനന്തപുരം ഹൈടെക് സെല്ലിലേയ്ക്ക് പ്രസ്തുത കേസ് കൈമാറിയിട്ടുണ്ടെങ്കിൽ നിലവിൽ അന്വേഷണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം സംബന്ധിച്ചും വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>അന്വേഷണത്തിലുള്ള കേസുകളിലെ മൊഴികളെ ഉദ്ധരിച്ചുകൊണ്ടു നടത്തുന്ന പ്രസംഗങ്ങള്‍</u>**

5034

**ശ്രീ. കെ. കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ഉദ്ധരിക്കപ്പെട്ട മൊഴികളെ സൂചിപ്പിച്ചുകൊണ്ട് കുറ്റപത്രം പോലും സമര്‍പ്പിച്ചിട്ടില്ലാത്ത കേസുകളെക്കുറിച്ച് ആരെങ്കിലും പ്രസംഗിക്കുകയും അവ മാധ്യമങ്ങളില്‍ റിപ്പോര്‍ട്ട് ചെയ്യപ്പെടുകയും ചെയ്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും നിയമസഭാ സാമാജികന്‍ ഇത്തരത്തില്‍ എവിടെയെങ്കിലും സൂചിപ്പിച്ച് സംസാരിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(സി) ഉണ്ടെങ്കില്‍ ഏത് കേസ് അന്വേഷണവുമായി ബന്ധപ്പെട്ടാണെന്നും ആരില്‍ നിന്ന് ഉദ്ധരിക്കപ്പെട്ട മൊഴികളാണെന്നും വിശദമാക്കാമോ; ഈ മൊഴികള്‍ അന്വേഷണ സംഘത്തില്‍ നിന്നും ചോര്‍ന്നത് എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എം.എം.മണിയുടെ പ്രസംഗം അടിസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത കേസുകൾ**

5035 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ മണക്കാട്ട് ശ്രീ.എം.എം.മണി നടത്തിയതായ പ്രസംഗത്തെ തുടർന്ന് ഇടുക്കി ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം കേസുകളിൽ പുതുതായി എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത എഫ്.ഐ.ആർ.കളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഇടുക്കിയിലെ രാഷ്ട്രീയ കൊലപാതകം പുനരന്വേഷണത്തിന്റെ നിയമസാധുത**

5036 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ മണക്കാട് ശ്രീ. എം. എം. മണി നടത്തിയതായ പ്രസംഗത്തിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ തുടർ അന്വേഷണവും പുനർ അന്വേഷണവും വേണമെന്ന് തീരുമാനിച്ചിട്ടുള്ള കേസുകൾ ഏതെല്ലാമാണ്; പ്രസ്തുത കേസുകൾ ഓരോന്നും നിലവിൽ ഏതെല്ലാം കോടതികളിൽ നിന്നും അന്തിമവിധിയായിട്ടുള്ളതാണ്;

(ബി) ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എഫ്.ഐ. ആർ കളും, ആയത് നേരത്തെ അന്വേഷിക്കുമ്പോൾ തയ്യാറാക്കിയിരുന്ന എഫ്.ഐ.ആർ കളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) അന്തിമമായി കോടതിയിൽ നിന്നും വിധി പ്രസ്താവിച്ചിട്ടുള്ള ഒരു കേസിൽ വീണ്ടും എഫ്.ഐ.ആർ തയ്യാറാക്കി അന്വേഷണം നടത്താനുള്ള നിയമവ്യവസ്ഥകൾ സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ കേരളത്തിൽ ഇതിന് മുൻപ് എത്ര കേസുകൾ രജിസ്റ്റർ ചെയത് അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ആരാധനാലയങ്ങളുടെ നിർമ്മാണം**

5037 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാഭരണകൂടത്തിന്റെ മുൻകൂർ അനുമതി വേണമെന്ന് 2005-ൽ ആഭ്യന്തരവകുപ്പ് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) ആരാധനാലയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്ന വ്യവസ്ഥകൾ നീക്കം ചെയ്യാൻ തയ്യാറാകുമോ ;

(സി) 2005-ൽ ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് ഇറക്കിയ ഗൈഡ് ലൈനിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എ. ആർ. ക്യാമ്പിൽ മന്ത്രിയുടെ ഗൺമാൻ**
**വെടിയുതിർത്ത സംഭവം**

5038 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **എ. ആർ. ക്യാമ്പിൽ തോക്ക് വൃത്തിയാക്കാൻ എത്തിയ മന്ത്രിയുടെ ഗൺമാൻ വെടിയുതിർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ;**

(ബി) **ഈ വിഷയത്തിൽ എ. ആർ. ക്യാമ്പ് അസിസ്റ്റന്റ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ വാഹനം അനുവദിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥര്‍**

5039 **ശ്രീ. എന്‍. ഷംസുദ്ദീന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാന പോലീസ് വകുപ്പില്‍ സ്വന്തം ഉപയോഗത്തിന് സര്‍ക്കാര്‍ വാഹനം അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥര്‍ ആരൊക്കെയെന്നും, ഓരോരുത്തര്‍ക്കും എത്ര വാഹനങ്ങള്‍ വീതം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നല്‍കാമോ ;**

(ബി) **വാസസ്ഥലത്ത് പോയിവരുന്നതിനും, കുടുംബാംഗങ്ങള്‍ക്ക് സ്വകാര്യാവശ്യത്തിനും സര്‍ക്കാര്‍ വാഹനം ഉപയോഗിക്കാന്‍ അനുമതിയുള്ള ഉദ്യോഗസ്ഥര്‍ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ; ജീവനക്കാരെ പ്രധാന കേന്ദ്രങ്ങളില്‍ നിന്നും ഓഫീസുകളിലെത്തിക്കാന്‍ പോലീസ് വാനുകള്‍ ഉപയോഗപ്പെടുത്താന്‍ അനുവദിച്ചിട്ടുണ്ടോ;**

(സി) **പോലീസുദ്യോഗസ്ഥര്‍ സര്‍ക്കാര്‍ വാഹനങ്ങള്‍ ദുരുപയോഗം ചെയ്യുന്നതു സംബന്ധിച്ച പരാതികള്‍ ലഭിച്ചിട്ടുണ്ടോ ; എങ്കില്‍ അതു പരിശോധിക്കാനും ക്രമക്കേടുകള്‍ കണ്ടെത്താനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥര്‍ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;**

(ഡി) **2011-ല്‍ ഇതു സംബന്ധിച്ച് എത്ര കേസുകളില്‍ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### പോലീസ് വകുപ്പിന്റെ വാഹനങ്ങൾ

5040 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിൽ ആകെ എത്ര വാഹനങ്ങൾ വാങ്ങി എന്നറിയിക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വാങ്ങിയവയുൾപ്പെടെ എത്ര എണ്ണം നിലവിലുണ്ട് ; വാഹനങ്ങളുടെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കുമോ ;

(സി) പോലീസ് വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയതും നിലവിൽ കേടായതുമായ വാഹനങ്ങൾ ലേലം ചെയ്ത് നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര സ്കൂട്ടറുകളും ബൈക്കുകളും ഇന്റർസെപ്റ്റർ വാഹനങ്ങളും വാങ്ങിയിട്ടുണ്ട് ; അവയുടെ വിതരണം സംബന്ധിച്ച വിവരം നൽകാമോ; അവ ഇപ്പോൾ ഉപയോഗത്തിലുണ്ടോ ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം

5041 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏത് പദവി വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിനായി പോലീസ് വാഹനം ഉപയോഗിക്കാം എന്ന് വ്യക്തമാക്കുമോ;

(ബി) ഔദ്യോഗിക വാഹനം ഉപയോഗിച്ചാണ് സംസ്ഥാനത്തെ മിക്ക പോലീസ് ഉദ്യോഗസ്ഥരുടെയും വീടുകളിലേയ്ക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ ഗൺമാൻമാർ പോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചില പോലീസ് ഉദ്യോഗസ്ഥർ അവരുടെ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കും ഔദ്യോഗിക വാഹനം ദുർവിനിയോഗം ചെയ്യുന്നുവെന്നുള്ളത് ശ്രദ്ധയിൽപെട്ടുവോ;

(ഡി) ഇപ്രകാരം പോലീസ് വാഹനങ്ങൾ ദുർവിനിയോഗം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളിൽ തുരുമ്പെടുത്തു നശിക്കുന്ന വാഹനങ്ങൾ**

5042 **ശ്രീമതി കെ.എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം നടത്തിയതുവഴി എത്ര രൂപയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ തുരുമ്പെടുത്തുകിടക്കുന്നത് പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തുരുമ്പെടുത്ത് കിടക്കുന്ന വാഹനങ്ങളുടെ കൂട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ എത്ര വാഹനങ്ങൾ ഉണ്ടെന്നും ആയത് ഏതൊക്കെ പോലീസ് സ്റ്റേഷനിലാണെന്നും ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ</u>**

5043 **ശ്രീ. എ.എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **ഗതാഗത നിയമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പോലീസ് വകുപ്പിന് കീഴിൽ ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;**

(ബി) **ഉണ്ടെങ്കിൽ എവിടെയൊക്കെയാണ്; ഇവയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ ;**

(സി) **ഈ കമ്മിറ്റികളുടെ ഉത്തരവാദിത്തങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?**

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>റോഡപകടങ്ങൾ</u>**

T5044 **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **2011-ൽ നടന്ന റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ മരിച്ചത് ഏതു ജില്ലയിലാണെന്ന് അറിയിക്കുമോ;**

(ബി) **പ്രസ്തുത അപകടങ്ങളുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച്, അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ പാർക്കിംഗ്</u>

5045 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ നിരത്തിയിടുന്നത് മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങൾ നശിക്കുന്നത് മൂലം വൻനഷ്ടമുണ്ടാകുന്നത് കണക്കിലെടുത്ത് വസ്തുവിന്റെയോ പണത്തിന്റെയോ ജാമ്യത്തിന്മേൽ വാഹനങ്ങൾ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം വാഹനങ്ങൾ സ്റ്റേഷനുകളോട് ചേർന്ന റോഡുകൾക്കരികിൽ കൂട്ടിയിടാതെ ജില്ലയിൽ ഒരിടത്ത് എന്ന രീതിയിൽ പാർക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിൽ കസ്റ്റഡിയിലുള്ള വാഹനങ്ങൾ</u>

5046 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കുറ്റകൃത്യത്തിന് പിടിയ്ക്കപ്പെട്ട എത്ര വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്;

(ബി) ഈ രീതിയിൽ സൂക്ഷിക്കുന്ന വാഹനങ്ങളിൽ 10 വർഷത്തിന് മുമ്പും 5 മുതൽ 10 വരെ വർഷങ്ങൾക്കുള്ളിലും പിടിയ്ക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്തോ പിഴ ഒടുക്കിയോ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്ന് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പോലീസ് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ മൂലം പല സ്ഥലങ്ങളിലും ഗതാഗത തടസ്സം വരെ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലേലത്തിലൂടെയോ പിഴ ഒടുക്കിയോ വാഹനങ്ങൾ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിലെ സ്റ്റേഷനുകളിൽ നിന്നും ഈ രീതിയിൽ എത്ര വാഹനങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) 2011 മെയ് മുതൽ 2012 മെയ് 31 വരെയുള്ള കാലയളവിൽ കോട്ടയം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തു എന്നും അതിൽ എത്ര വാഹനങ്ങൾ വിട്ടുകൊടുത്തു എന്നും പിഴയായി എന്ത് തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

<u>വാഹനങ്ങളിലെ സൺ കൺട്രോൾ ഫിലിം</u>

5047

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ സൺ കൺട്രോൾ ഫിലിം ഒഴിവാക്കണമെന്ന സുപ്രീം കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സൺ ഫിലിമുകൾ ഒട്ടിച്ച കേരളത്തിൽ വാഹനങ്ങൾ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോടതി ഉത്തരവ് പ്രകാരം ഏതെങ്കിലും വിഭാഗങ്ങളെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>പോലീസ് വാഹനങ്ങളിലെ സൺ കൺട്രോൾ ഫിലിം</u>**

**5048 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിവിധി ലംഘിച്ച് സംസ്ഥാനത്തെ ഭൂരിപക്ഷം പോലീസ് ഉദ്യോഗസ്ഥരും കറുത്ത ഫിലിം പതിച്ച കാറുകളിൽ ഇപ്പോഴും യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപെട്ടുവോ;

(ബി) പ്രസ്തുത വിധി ആഭ്യന്തര വകുപ്പിൽ നടപ്പിൽ വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ചില ഐ. പി. എസ് ഉദ്യോഗസ്ഥർ അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർ വാഹനങ്ങളിൽ കറുത്ത ഫിലിമിന് പകരം കർട്ടൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പ്രവണത അടിയന്തിരമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജില്ലാ സായുധ ബറ്റാലിയൻ**

5049 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ആംഡ് റിസർവ്വ് ഇല്ലാതാക്കി ജില്ലാ സായുധ ബറ്റാലിയൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) സായുധ പോലീസ് ബറ്റാലിയനുകളിൽ സംസ്ഥാനത്താകെ ഡി.സി, എ.സി, എ.പി.ഐ, എ.പി.എസ്.ഐ, എ.പി.എ.എസ്.ഐ എന്നീ തസ്തികകളിൽ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്തുവാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർ**

5050 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസിൽ ക്രിമിനൽ സ്വഭാവമുള്ളവർ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോലീസ് സേനയിലെ ക്രിമിനലുകള്‍**

5051 ശ്രീ. ജോസ് തെറ്റയില്‍
,, സി. കെ. നാണു
,, മാത്യു റ്റി തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേയിലെ റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുളള ക്രിമിനലുകള്‍ക്കെതിരെ സര്‍ക്കാര്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ സ്വീകരിച്ചിട്ടുളള നടപടികള്‍ എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ക്രിമിനലുകളായ പോലീസുകാരുടെ പട്ടിക</u>

5052 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, കെ. കെ. നാരായണൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ക്രിമിനലുകളെ സംബന്ധിച്ച് ആലോചിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായോ;

(ബി) യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയുണ്ടായി;

(സി) ക്രിമിനലുകളായ പോലീസുകാരുടെ പട്ടികയിൽ നിന്നും ആരെയെല്ലാമാണ് ഒഴിവാക്കിയിരുന്നത്; ഒഴിവാക്കപ്പെട്ടവരെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായോ;

(ഡി) ഹൈക്കോടതി മുമ്പാകെ സർക്കാർ സമർപ്പിച്ച ലിസ്റ്റിലെ പൊലീസുകാരിൽ എത്രപേർ ഇപ്പോൾ സർവ്വീസിലുണ്ട്; വകുപ്പുതല നടപടികൾ മാത്രം സ്വീകരിക്കപ്പെട്ടവരെത്ര; ലിസ്റ്റിൽ ഉൾപ്പെട്ടവരെല്ലാം ക്രിമിനലുകളാണോ;

(ഇ) ലിസ്റ്റിൽ ഉൾപ്പെട്ടവരെക്കുറിച്ച് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഉണ്ടായിരുന്നുവോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഹൈക്കോടതി കുറ്റക്കാരായി കണ്ടെത്തിയ**
**പോലീസ് ഉദ്യോഗസ്ഥന്മാർ**

**5053 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതി കുറ്റക്കാരായി കണ്ടെത്തി നടപടിക്കു ശുപാർശ ചെയ്ത എത്ര പോലീസ് ഉദ്യോഗസ്ഥർ ഇപ്പോൾ പോലീസ് സേനയിലുണ്ട് ;

(ബി) ഇതിൽ എത്ര പേരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) പോലീസ് സേനയിൽ കുറ്റവാളികൾ കടന്നുകൂടാതിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>പ്രായപൂർത്തിയാകാത്ത കുട്ടികൾ പ്രതികളായിട്ടുള്ള കേസ്സുകൾ</u>**

5054 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത കുട്ടികൾ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ നിലവിലുണ്ട് ; 302 ഐ.പി.സി. പ്രകാരമുള്ള കേസ്സുകൾ ഉണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കോളേജ് കാമ്പസ് അക്രമികൾ താവളമാക്കിയ സംഭവം**

5055 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അക്രമികൾ കോളേജ് കാമ്പസ്സുകൾ സുരക്ഷിത താവളമായി ഉപയോഗിക്കുന്നതും പോലീസിനെയും വഴിയാത്രക്കാരേയും ആക്രമിക്കുന്നതിനായി പ്രസ്തുത കേന്ദ്രങ്ങൾ ദുരുപയോഗം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ നിരന്തരമായി ഉണ്ടാകുന്നത് ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(സി) അക്രമി സംഘം വിദ്യാർത്ഥികളെ ഭീഷണിക്ക് വിധേയരാക്കുകയും അക്രമികൾക്ക് രക്ഷപ്പെടാൻ അവരെ മറയാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>കാസര്‍ഗോഡ് ജില്ലയിലെ പോലിസ് വിഭാത്തിന്റെ നവീകരണം</u>**

**5056 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പോലീസ് വിഭാഗത്തെ നവീകരിക്കുന്നതിന്റെ ഭാഗമായി എത്രകോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) എന്തുതരം പ്രവര്‍ത്തികളാണ് അവിടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ;

(സി) പദ്ധതി പ്രവര്‍ത്തനങ്ങള്‍ എന്ന് പൂര്‍ത്തീകരിക്കാനാകും ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>കാസർകോട് ജില്ലയിലെ മോട്ടോർ ബൈക്ക് റേസ്</u>**

5057 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ മോട്ടോർ ബൈക്ക് റേസ് ചെയ്ത് അമിത വേഗത്തിൽ ഓടിക്കുന്നത് ക്രമസമാധാന പ്രശ്നങ്ങൾക്കിടയാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം ബൈക്ക് ഓടിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം സന്ദർഭങ്ങളിൽ എത്ര പ്രാവശ്യം നിരോധനമേർപ്പെടുത്തിയിരുന്നു;

(ഡി) ബൈക്ക് അമിത വേഗതയിൽ ഓടിക്കുന്നത് നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

<u>കത്തോലിക്കാബാവയുടെ പ്രസംഗം</u>

5058 ശ്രീ. സാജുപോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി 25 ന് ആലുവ തൃക്കുന്നത്തു സെമിനാരിയിൽ യാക്കോബായ സഭയുടെ ശ്രേഷ്ഠ കത്തോലിക്ക ബാവ നടത്തിയ പ്രാർത്ഥന ദൃശ്യ മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്തതും പ്രസിദ്ധീകരിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിന്റെ കർശന പരിശോധനയും നിയന്ത്രണവും ഉണ്ടായിരുന്ന സ്ഥലത്തെ ദൃശ്യങ്ങളും ചിത്രങ്ങളും മാധ്യമങ്ങളിൽ വന്നതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പോലീസോ മറ്റ് ഏജൻസികളോ ഔദ്യോഗിക ആവശ്യത്തിനായി പ്രാർത്ഥനാരംഗങ്ങൾ ചിത്രീകരിച്ചിരുന്നോ;

(ഡി) പോലീസിന്റെ പക്കൽനിന്നും ദൃശ്യങ്ങളും ചിത്രങ്ങളും ചോർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ചോർത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ പകർത്തി പ്രസിദ്ധീകരണത്തിന് നൽകിയതാരെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സാമൂഹ്യവിരുദ്ധര്‍ ശിലാഫലകങ്ങള്‍ തകര്‍ത്ത സംഭവം**

5059 **ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക് പുറക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളില്‍ നടത്തിയ വികസന പ്രവര്‍ത്തനങ്ങളുടെ ഭാഗമായി അവിടെ സ്ഥാപിച്ചിരുന്ന ശിലാഫലകങ്ങള്‍ സാമൂഹ്യവിരുദ്ധര്‍ നശിച്ചത് സംബന്ധിച്ച് സ്ഥലം എം. എല്‍. എ ആലപ്പുഴ ജില്ലാ പോലീസ് ചീഫിന് കത്ത് നല്‍കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഇതില്‍ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ശശീന്ദ്രന്റേയും മക്കളുടെയും ദുരൂഹ മരണം**

5060 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റേയും മക്കളുടെയും ദുരൂഹ മരണം സംബന്ധിച്ച അന്വേഷണം ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അന്വേഷണം സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച അന്വേഷണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മലക്കപ്പാറയിലെ പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം**

5061 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ ; ഇവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആദിവാസികളും, തോട്ടം തൊഴിലാളികളും, ധാരാളം ടൂറിസ്റ്റുകളും ഉൾക്കൊള്ളുന്ന തമിഴ്നാട് അതിർത്തി പ്രദേശമായ മലക്കപ്പാറയിലെ പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് വനിതാ പോലീസിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**റാന്നിയിൽ ഡി.വൈ.എഫ്.ഐ. മാർച്ചിനുനേരെ ലാത്തിചാർജ്**

**5062** **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിലേക്ക് നടത്തിയ ഡി.വൈ.എഫ്.ഐ. മാർച്ചിനുനേരെ ലാത്തിച്ചാർജ് ചെയ്തത് എന്നായിരുന്നു; എത്രപേർക്കാണ് ഈ സംഭവത്തിൽ പരിക്കേറ്റത്;

(ബി) ലാത്തിച്ചാർജിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) സമരക്കാർ പിരിഞ്ഞു പോകണമെന്ന മുന്നറിയിപ്പ് ആരാണ് നൽകിയത് ;

(ഡി) ഏതൊക്കെ റവന്യൂ ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നു;

(ഇ) ലാത്തിച്ചാർജിനുമുൻപ് റവന്യൂ ഉദ്യോഗസ്ഥർ എന്തെങ്കിലും മുന്നറിയിപ്പ് നൽകിയിരുന്നോ; മാർച്ച് വരുന്നതിനുമുൻപ് പോലീസ് സമീപത്തെ കടകൾ അടപ്പിച്ചത് എന്ത് കാരണത്താലാണ് ;

(എഫ്) പോലീസുകാർക്ക് ഈ സംഘർഷത്തിൽ പരിക്കേറ്റിട്ടുണ്ടോ; പരിക്കേറ്റവരെ എപ്പോഴാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത് ; സമയം വ്യക്തമാക്കുമോ ;

(ജി) റാന്നി എം.എൽ.എ.-യുടെ അഭ്യർത്ഥനപ്രകാരം ഈ സംഭവത്തെപ്പറ്റി അന്വേഷിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കാസർകോട് ട്രാഫിക് പോലീസ് സ്റ്റേഷൻ**

5063 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ട്രാഫിക്ക് പോലീസ് യൂണിറ്റ് ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവിടെ ആവശ്യമായ പോലീസ് സേനയെ നിയമിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ട്രാഫിക് പോലീസ് സ്റ്റേഷന്റെ സേവനങ്ങൾ എന്നു മുതൽ ജനങ്ങൾക്ക് ലഭിച്ചു തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധം - ഇന്റലിജൻസ് റിപ്പോർട്ടുകൾ</u>

5064

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകരയിൽ കൊല്ലപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ ജീവന് ഭീഷണിയുണ്ടെന്ന് കാണിച്ച് സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം നൽകിയ ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഓരോന്നിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വെക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ചന്ദ്രശേഖരന് പോലീസ് സംരക്ഷണം നൽകുന്നതിൽ പാളിച്ച</u>

5065 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 21.3.2012 ന് സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം തലവൻ സർക്കാരിലേക്കും, റേഞ്ച് ഡി.ഐ.ജി കോഴിക്കോട് റൂറൽ എസ്. പി. എന്നിവർക്കും ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന് കാണിച്ച് നൽകിയ ജാഗ്രതാ മുന്നറിയിപ്പ് ഫലപ്രദമായി നടപ്പിലാക്കുന്നതിൽ സർക്കാർ കാട്ടിയ നിരുത്തരവാദപരമായ സമീപനമാണോ ചന്ദ്രശേഖരന് ജീവൻ നഷ്ടമാകാൻ കാരണമായതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പാളിച്ചകളാണ് സർക്കാരിനുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ടി. പി. വധം - ചോമ്പാല സ്റ്റേഷനിലെ കേസുകൾ**

5066 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് ചോമ്പാല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ഏതൊക്കെയാണ് ; ബന്ധപ്പെട്ട എഫ്. ഐ. ആർ. കളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം കേസുകളിൽ, എന്തെല്ലാം കുറ്റങ്ങൾക്ക്, ഏതെല്ലാം വകുപ്പുകൾ പ്രകാരം, ആർക്കെല്ലാം എതിരെയാണ് കേസെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ചന്ദ്രശേഖരന്റെ വധഭീഷണി-ജാഗ്രതാ അറിയിപ്പ്**

5067 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വടകരയിലെ ആർ.എം.പി. നേതാവ് ചന്ദ്രശേഖരനും മറ്റ് നേതാക്കൾക്കും വധഭീഷണിയുണ്ടെന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് രഹസ്യാന്വേഷണവിഭാഗം തലവൻ 21-3-2012-ന് സർക്കാരിലേക്കും, റേഞ്ച് ഡി.ഐ.ജി.ക്കും, കോഴിക്കോട് റൂറൽ ജില്ലാ എസ്.പി.ക്കും നൽകിയ ജാഗ്രതാ അറിയിപ്പിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന ജാഗ്രതാ അറിയിപ്പ്**

5068 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ആർ. എം. പി. നേതാവ് ചന്ദ്രശേഖരന് വധഭീഷണിയുണ്ടെന്ന സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം തലവന്റെ 21.03.2012-ലെ ജാഗ്രതാ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് ചന്ദ്രശേഖരനോ, മറ്റേതെങ്കിലും, ആർ. എം. പി. നേതാക്കൾക്കോ, ചന്ദ്രശേഖരന്റെ ഭാര്യക്കോ, മകനോ ഈ വിഷയം ചൂണ്ടിക്കാണിച്ച് നോട്ടീസ് നൽകിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് നൽകിയത്; ആയതിന്റെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ആർ. എം. പി. നോതാക്കളോ, ചന്ദ്രശേഖരന്റെ ഭാര്യയോ മകനോ ചന്ദ്രശേഖരന് പോലീസ് സംരക്ഷണമാവശ്യമില്ലെന്ന് കാണിച്ച് നൽകിയ കത്തിന്റെ പകർപ്പുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുമോ;

(ഡി) എന്നാണ് ഇവർ കത്ത് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>ടി. പി. ചന്ദ്രശേഖരനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസുകൾ</u>**

**5069 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 19-11-2010-നും 2011 മെയ് മാസത്തിനുമിടയിൽ വടകരയിലെ ആർ.എം.പി. നേതാവ് ചന്ദ്രശേഖരന് എതിരെ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത്നിന്ന് ഏതെങ്കിലും തരത്തിലുള്ള ആക്രമണം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസു കളുടെ ക്രൈം നമ്പരുകളും വിശദാംശങ്ങളും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>സി. ബി. ഐ. അന്വേഷിക്കുന്ന കൊലപാതക കേസുകൾ</u>**

**5070 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി. ബി. ഐ. അന്വേഷണം നടന്നുവരുന്ന എത്ര കൊലപാതക കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പോലീസ് അന്വേഷണത്തിൽ പരാതിയുള്ള മുഴുവൻ കേസുകളും സി. ബി. ഐ.യെ ഏല്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ഇന്റലിജൻസ് റിപ്പോർട്ടുകളും നടപടികളും</u>

5071 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം തലവന്റെ ഓഫീസിൽ നിന്ന് എത്ര ഇന്റലിജൻസ് റിപ്പോർട്ടുകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാരിലേക്ക് നൽകിയ ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഓരോന്നിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വെക്കാമോ;

(സി) പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ടുകളിൽ ഓരോന്നിലും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അവയിൽ എത്ര റിപ്പോർട്ടുകളിൽ മുഖ്യമന്ത്രിയും, ആഭ്യന്തരമന്ത്രിയും നേരിട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പോസ്റ്റ്മോർട്ടം റിപ്പോർട്ടും രജിസ്റ്ററും കാണാതായ സംഭവം**

5072 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളജിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ നിന്നും സൗമ്യ വധക്കേസിലെ ആന്തരികാവയവ പരിശോധന നടത്തിയതിന്റെ രജിസ്റ്ററും, കസ്റ്റഡി മരണം സംഭവിച്ച സമ്പത്തിന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടും കാണാതായി എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ സുപ്രധാന രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം സുപ്രധാന രേഖകൾ നഷ്ടപ്പെടാതിരിക്കാനും, നശിപ്പിക്കപ്പെടാതിരിക്കാനും സാധിക്കുന്ന രീതിയിൽ കമ്പ്യൂട്ടറിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മാറാട് കലാപത്തിന്റെ അന്വേഷണ ഉദ്യോഗസ്ഥര്‍**

5073 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാറാട് കലാപത്തിന്റെ പിന്നിലെ ഗൂഢാലോചനയെ കുറിച്ചന്വേഷിക്കാന്‍ മുന്‍ സര്‍ക്കാരിന്റെ കാലത്ത് ക്രൈംബ്രാഞ്ച് പോലീസിനെ ചുമതലപ്പെടുത്തിയിരുന്നുവോ;

(ബി) എങ്കില്‍ ഏതെല്ലാം ഓഫീസര്‍മാര്‍ക്കായിരുന്നു ചുമതല;

(സി) ഈ ഓഫീസര്‍മാരില്‍ ആരെയെല്ലാമാണ് അന്വേഷണ ചുമതലയില്‍ നിന്നും മാറ്റിയത്;

(ഡി) ഓഫീസര്‍മാരെ അന്വേഷണ ചുമതലയില്‍ നിന്നും മാറ്റിയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മാറാട് കലാപം - അന്വേഷണം**

**5074 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപത്തിന്റെ പിന്നിലെ ഗൂഢാലോചനയെ സംബന്ധിച്ച് അന്വേഷണം നടത്തിയ ക്രൈംബ്രാഞ്ച് പോലീസ് എഫ്.ഐ.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത എഫ്.ഐ.ആറിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിരുന്നത്;

(സി) പ്രസ്തുത എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് ഇതിനകം കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട്**

**5075 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമണെന്ന് വ്യക്തമാക്കുമോ;

(സി) കലാപത്തിന്റെ പിന്നിലെ ഗൂഡാലോചന വെളിച്ചത്ത് കൊണ്ടു വരുവാൻ സി.ബി.ഐ അന്വേഷണം വേണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവോ;

(ഡി) എങ്കിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെടാൻ നടപടി കൈക്കൊള്ളുമോ;

(ഇ) ഉണ്ടെങ്കിൽ മായിൻഹാജിയുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>കൊടുവള്ളിയിലെ ബോംബാക്രമണം</u>**

**5076 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ വാവാട് പ്രദേശത്ത് ബൈക്കിൽ വന്ന അക്രമികൾ ബോംബ് എറിഞ്ഞ് രണ്ട് യുവാക്കൾക്ക് പരിക്കു പറ്റിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എഫ്. ഐ. ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**കള്ളനോട്ട് - ഹവാല കേസുകൾ**

**5077 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ ഒന്നു മുതൽ ഇതുവരെ കേരളത്തിൽ എത്ര കള്ളനോട്ട് കേസ്സുകളും എത്ര ഹവാലാ പണമിടപാടു കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര തുകയുടെ കള്ളനോട്ടു കേസുകളും എത്ര രൂപയുടെ ഹവാലാ പണമിടപാടു കേസുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കള്ളനോട്ടു കേസുകളും ഹവാലാ പണമിടപാടു കേസുകളും നാഷണൽ ഇന്റലിജൻസ് ഏജൻസിക്ക് റിപ്പോർട്ട് ചെയ്യണമെന്നത് സംബന്ധിച്ച കർശന നിർദ്ദേശം നിലവിലുണ്ടോ;

(ഡി) കേരളത്തിൽ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്ത എല്ലാ കള്ളനോട്ടു കേസുകളും നാഷണൽ ഇന്റലിജൻസ് ഏജൻസിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഏതു ജില്ലയിലെ ഏതു പോലീസ് സ്റ്റേഷൻ പരിധിയിൽ രജിസ്റ്റർ ചെയ്ത കേസുകളാണ് ഇനിയും നാഷണൽ ഇന്റലിജൻസ് ഏജൻസിക്കു റിപ്പോർട്ട് ചെയ്യാനുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കോട്ടയം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

5078 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് 31 വരെയുള്ള ഒരു വർഷകാലയളവിനുളളിൽ കോട്ടയം ജില്ലയിലെ ഓരോ പോലീസ് സ്റ്റേഷനുകളിലും ആകെ രജിസ്റ്റർ ചെയ്ത കേസുകളെത്ര; അതിൽ ഉൾപ്പെട്ട മോഷണം, മാൻമിസ്സിംഗ്, മർഡർ കേസുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ വർഷങ്ങളിൽ നിന്നും ഏതെങ്കിലും സ്വഭാവത്തിലുളള കേസുകൾക്ക് വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) വൈക്കം നിയോജക മണ്ഡലത്തിനു കീഴിലുളള സ്റ്റേഷനുകളിൽ 10 വർഷത്തിൽ കൂടുതലായ തെളിയിക്കപ്പെടാത്ത മോഷണം, കൊലപാതകം, മാൻമിസ്സിംഗ് കേസുകളുടെ എണ്ണം സ്റ്റേഷൻ തിരിച്ചു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**രജിസ്റ്റർ ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ**

**5079 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനം ക്രമസമാധാന പരിപാലനത്തിൽ ഒന്നാം സ്ഥാനത്തായിരുന്നതിൽ നിന്നും ഇപ്പോൾ പിന്തള്ളപ്പെടാൻ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് 2011-ൽ എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) 2012-ൽ ഇതുവരെ എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ കൊലപാതകങ്ങൾ</u>

5080 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃശൂർ ജില്ലയിൽ എത്ര കൊലപാതകശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര കവർച്ചകൾ നടന്നിട്ടുണ്ട്;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അരീക്കോട് കുനിയിൽ ഇരട്ടക്കൊലപാതകം**

5081

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് കുനിയിൽ നടന്ന ഇരട്ടക്കൊലപാതകത്തിൽ എത്ര പേരെയാണ് എഫ്.ഐ.ആർ - ൽ പ്രതികളായി ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) അവരുടെ പേരുവിവരവും ചുമത്തിയ കുറ്റവും വകുപ്പുകളും വിശദമാക്കാമോ;

(സി) ഇപ്പോൾ പ്രതികൾ ആരെങ്കിലും കസ്റ്റഡിയിലുണ്ടോ;

(ഡി) പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട കേസുകൾ**

**5082 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ചാർജ് ഷീറ്റ് നൽകിയവയും വിചാരണ നടക്കുന്നവയും എത്രവീതമാണെന്നും ഇവയിലെല്ലാം കൂടി എത്ര പ്രതികൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇവയിൽ ഇന്നേവരെ ശിക്ഷിക്കപ്പെട്ട കേസുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ ;

(ഡി) ഇവയിൽ പിൻവലിക്കപ്പെട്ട കേസുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### കസ്റ്റഡി/ലോക്കപ്പ് മരണങ്ങൾ

5083 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് 18ന് ശേഷം എത്രപേർ പോലീസ് കസ്റ്റഡിയിലോ, ലോക്കപ്പിലോ മരണമടഞ്ഞിട്ടുണ്ട്; പോലീസ് സ്റ്റേഷൻ തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ പോലീസ് മർദ്ദനം മൂലം മരണമടഞ്ഞവർ എത്ര ; ആത്മഹത്യ ചെയ്തവർ എത്ര ; ചികിത്സയിലിരിക്കെ മരണമടഞ്ഞവർ എത്ര ; പോലീസ് സ്റ്റേഷൻ തിരിച്ചുളള കണക്ക് നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരുടെ പേരിൽ എന്തെല്ലാം അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ മാമച്ചന്റെ മരണം**

5084 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ 2012 ഫെബ്രുവരി 2 ന് ദുരൂഹ സാഹചര്യത്തിലുണ്ടായ മാമച്ചന്റെ മരണത്തെ കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

റാന്നിയിലെ മണൽക്കടത്ത്

5085 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ റാന്നി പോലീസ് സ്റ്റേഷനിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്; പിടിച്ചെടുത്ത വാഹനങ്ങളിൽ ഉണ്ടായിരുന്ന മണൽ എന്തുചെയ്തു; സ്റ്റേഷനിൽ സൂക്ഷിക്കുകയായിരുന്നോ; അതോ സ്വകാര്യവ്യക്തികൾക്ക് നേരിട്ട് വിൽപന നടത്തുകയുണ്ടായോ;

(ബി) ഇങ്ങനെ സൂക്ഷിച്ചിരുന്ന മണൽ ആർക്കാണ് നൽകിയതെന്നും എത്ര അളവ് മണലാണ് നൽകിയതെന്നും വ്യക്തമാക്കുമോ; ആരാണ് ഈ സ്റ്റേഷനിൽ നിന്നും മണൽ കടത്തിക്കൊണ്ടുപോയത്;

(സി) സർക്കാർ നിർദ്ദേശമനുസരിച്ച് മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എത്ര മണൽ വീതം ഓരോ തീയതിയിലും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വ്യക്തികൾക്ക് മണൽ നൽകാൻ നിർദ്ദേശം നൽകിയത് ആരാണ്; ഇത് സംബന്ധിച്ച് പത്രവാർത്തകൾവരെ വന്ന സാഹചര്യത്തിൽ സ്റ്റേഷനിലെ മണൽക്കടത്തിന് സാഹചര്യമൊരുക്കിയ പോലീസ് ഉദ്യോഗസ്ഥരുടെമേൽ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) വ്യക്തമായ സർക്കാർ നിർദ്ദേശമുണ്ടായിട്ടും പിടിച്ചെടുക്കുന്ന മണൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) സ്റ്റേഷനിൽ സൂക്ഷിച്ച മണൽ സർക്കാർ നിർദ്ദേശം ലംഘിച്ച് സ്വകാര്യവ്യക്തിക്ക് കൈമാറിയ ഉദ്യോഗസ്ഥരുടെമേൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പെരിങ്ങോം മറിയക്കുട്ടിയുടെ കൊലപാതകം**

5086 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ 2012 മാർച്ച് 5 ന് മറിയക്കുട്ടി കൊലചെയ്യപ്പെട്ടത് സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; അന്വേഷണ സംഘത്തിലുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(ബി) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**മുസ്ലീം ലീഗ് സംഘട്ടനങ്ങൾ സംബന്ധിച്ച കേസുകൾ**

5087 **ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇന്ത്യൻ യുണിയൻ മുസ്ലീം ലീഗ്കാർ നടത്തിയ സംഘട്ടനങ്ങൾ സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത സംഘട്ടനങ്ങളുടെ ഫലമായി എത്രപേർ മരണപ്പെടുകയുണ്ടായി ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് ;

(സി) എത്ര കേസുകളിലായി എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട് ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഇടുക്കിയിലെ അനീഷ് രാജിന്റെ കൊലപാതകകേസ്**

5088 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ എസ്.എഫ്.ഐ നേതാവ് അനീഷ് രാജിന്റെ കൊലപാതകം സംബന്ധിച്ച് അന്വേഷിക്കാൻ സ്പെഷ്യൽ ടീമിനെ നിയോഗിക്കും എന്ന് ആഭ്യന്തര വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രഖ്യാപനമനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്പെഷ്യൽ ടീം ആരുടെ നേതൃത്വത്തിൽ, ആരെല്ലാം അടങ്ങുന്നതാണെന്ന് വിശദമാക്കുമോ; കൊലപാതകം നടന്ന് എത്ര നാളുകൾക്ക് ശേഷമാണ് സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നത്;

(ഡി) അനീഷ് രാജിന്റെ കൊലപാതക കേസിൽ എഫ്.ഐ ആറിൽ പേരുള്ള എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; അവശേഷിക്കുന്നവർ ആരൊക്കെയാണ്; എഫ്. ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വലിയമല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

5089 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ വലിയമല പോലീസ് സ്റ്റേഷനിൽ 23/12, 61/2012 എന്നീ നമ്പരുകളായി രജിസ്റ്റർ ചെയ്ത കേസുകളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പേരാമ്പ്രയിൽ ഹെൽമെറ്റ് ഇല്ലാതെ വാഹനമോടിച്ചതിന് കേസ്**

5090 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര പോലീസ് സർക്കിൾ പരിധിയിൽ ഹെൽമെറ്റ് ഇല്ലാതെ ഇരുചക്ര വാഹനങ്ങൾ ഓടിച്ചതിന് എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി എത്ര രൂപ സർക്കാരിലേയ്ക്ക് ലഭിച്ചു എന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുളള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസുകൾ കോടതിക്ക് റഫർ ചെയ്തു എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഇടച്ചേരി, ചോമ്പാല പോലീസ് സ്റ്റേഷനതിർത്തികളിൽ നടന്ന ആക്രമണ സംഭവങ്ങൾ**

5091 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടച്ചേരി, ചോമ്പാല പോലീസ് സ്റ്റേഷനതിർത്തികളിൽ 2012 മെയ് മാസത്തിൽ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെയും അവരുടെ വസതികൾക്ക് നേരെയും വ്യാപാര-വാണിജ്യ-പൊതു സ്ഥാപനങ്ങൾക്ക് നേരെയും പാർട്ടി ആഫീസുകൾക്ക് നേരെയും ഉണ്ടായ ആക്രമണ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസിന് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി എഫ്.ഐ.ആർ. തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുകയുണ്ടായോ;

(ബി) ആരുടെയെല്ലാം പരാതികളിന്മേൽ ആർക്കെല്ലാം എതിരെ കേസെടുക്കുകയും ആരെയെല്ലാം അറസ്റ്റ് ചെയ്യുകയും ഉണ്ടായി ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പരാതികളിൽ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾക്കനുസൃതമായുള്ള നിയമത്തിലെ വകുപ്പുകൾ പ്രകാരം തന്നെയാണ് ഓരോ കേസിലും എഫ്.ഐ.ആർ. തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉറപ്പാക്കുമോ ;

(സി) മേല്പറഞ്ഞ കേസുകളിൽ പോലീസ് അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചവർ എത്രയാണ് ; അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത് ആരെയൊക്കെയാണ് ; റിമാന്റിലായിട്ടുള്ളവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ; ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലാത്തവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഫോർട്ട് പോലീസ് സ്റ്റേഷനിലെ മർദ്ദന മുറകൾ**

5092 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ വീണ്ടും ഭീകര മർദ്ദന മുറകളുടെ കേന്ദ്രമാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബാലുശ്ശേരി പോലീസ് സ്റ്റേഷനിലെ
ക്രൈം നമ്പർ 393/2011**

5093 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനിലുള്ള ക്രൈം നമ്പർ 393/2011 ന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഹൈക്കോടതിയിൽ നിന്നും ഈ കേസിലെ പ്രതിക്ക് മുൻകൂർ ജാമ്യം നിഷേധിച്ചത് എന്നായിരുന്നു;

(സി) പ്രതിയെ അറസ്റ്റ് ചെയ്തിരുന്നോ;

(ഡി) കേരളത്തിന്റെ വിവിധ ജില്ലകളിൽ പ്രതി തട്ടിപ്പ് നടത്തുകയും സർക്കാരിന് റവന്യൂ നഷ്ടം ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ കേസ് അന്വേഷിക്കുന്നതിന് ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ**

5094 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പോലീസ് സ്റ്റേഷനുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നു;

(ഡി) വാടകക്കെട്ടിടത്തിന്റെ വാടകയിനത്തിൽ ആഭ്യന്തര വകുപ്പിന് എത്ര തുക ചെലവാകുന്നു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

<u>**എറണാകുളത്തെ പോലീസ് സ്റ്റേഷനുകൾ**</u>

**5095 ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പോലീസ് സ്റ്റേഷനെ ഒരു സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷൻ ആയി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) എറണാകുളം കാക്കനാട് ഇൻഫോപാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് തുടങ്ങുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) ഇത് സംബന്ധമായി എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

## വൈറ്റില പോലീസ് സ്റ്റേഷൻ

5096 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം വൈറ്റില കേന്ദ്രീകരിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കല്ലടിക്കോട് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷന്‍</u>

5097 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

നിലവില്‍ ഒന്‍പത് പഞ്ചായത്തുകള്‍ക്കായി പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്ന മണ്ണാര്‍ക്കാട് പോലീസ് സ്റ്റേഷന്‍ വിഭജിച്ച് കല്ലടിക്കോട് കേന്ദ്രമാക്കി 5 ഗ്രാമപഞ്ചായത്തുകളെ ക്രോഡീകരിച്ച് ഒരു പോലീസ് സ്റ്റേഷന്‍ പുതിയതായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; എങ്കില്‍ വിശദാംശം നല്‍കുമോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

5098

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ വാഹന ബാഹുല്യവും ഗതാഗത കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയധികം യാത്രാ വാഹനങ്ങളും ഭാരവണ്ടികളും കടന്നുപോകുന്ന പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ചിറയിൻകീഴ് മണ്ഡലത്തിലെ ഓപ്പറേഷൻ സ്വീപ്പ് പദ്ധതി</u>

5099 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഓപ്പറേഷൻ സ്വീപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്;

(ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഓപ്പറേഷൻ സ്വീപ്പ് പദ്ധതി ആരംഭിച്ചുവെന്ന് പറയുമോ; ആരംഭിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**റാന്നി പോലീസ് സ്റ്റേഷന്‍ കെട്ടിട നിര്‍മ്മാണം**

5100

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന്‍ കെട്ടിട നിര്‍മ്മാണത്തിനായി മുന്‍ സര്‍ക്കാരിന്റെ കാലത്ത് എത്ര ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്; ഇതുപയോഗിച്ച് എന്തൊക്കെ സൗകര്യങ്ങള്‍ ഉളള കെട്ടിടം നിര്‍മ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) എന്നാണ് ഇതിന്റെ നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിച്ചത്; നിര്‍മ്മാണത്തിന് ഏതെങ്കിലും തരത്തിലുളള പ്രതിസന്ധികള്‍ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതെന്താണ്;

(സി) ഇതിന്റെ നിര്‍മ്മാണ ചുമതല ആര്‍ക്കാണ്; ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ചാലക്കുടി പോലീസ് ക്വാര്‍ട്ടേഴ്സിന്റെ കോമ്പൗണ്ടിലുള്ള കുളം**

5101 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

ചാലക്കുടി പോലീസ് ക്വാര്‍ട്ടേഴ്സിന്റെ കോമ്പൗണ്ടിലുള്ള പ്രധാന ജലസ്രോതസ്സായ കുളം വൃത്തിയാക്കി കെട്ടി സംരക്ഷിക്കുന്നതിനും, കോമ്പൗണ്ടിന് ചുറ്റുമതില്‍ കെട്ടുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

മുസ്ലീം പ്രദേശത്ത് മുസ്ലീം സബ് ഇൻസ്പെക്ടർ നിയമനം

5102 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുസ്ലീം ജനസംഖ്യ കൂടുതലുളള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ മുസ്ലീം വിഭാഗക്കാരെ നിയമിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം ലഭിച്ചതെപ്പോഴാണ് ;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ ;

(ഡി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എ. ആര്‍. ക്യാംപിലേക്കുള്ള അന്തര്‍ജില്ലാ സ്ഥലംമാറ്റ സീനിയോറിറ്റി ലിസ്റ്റ്**

5103

**ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം സിറ്റി എ. ആര്‍. ക്യാംപിലേക്കുള്ള അന്തര്‍ജില്ലാ സ്ഥലംമാറ്റ സീനിയോറിറ്റി ലിസ്റ്റില്‍ അന്തര്‍ജില്ലാ സ്ഥലംമാറ്റത്തിനുള്ള ലോക്കല്‍ ടു ലോക്കല്‍ ലിസ്റ്റിലുള്‍പ്പെട്ട പോലീസുകാര്‍ ഉള്‍പ്പെട്ടിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ അങ്ങനെ ഉള്‍പ്പെട്ടിട്ടുള്ള ലോക്കല്‍ പോലീസുകാര്‍ക്ക് തിരുവനന്തപുരം സിറ്റി എ. ആര്‍. ക്യാംപിലേക്ക് സ്ഥലംമാറ്റം നല്‍കിയിട്ടുണ്ടോ;

(സി) എങ്കില്‍ അപ്രകാരം സ്ഥലംമാറ്റം നല്‍കിയിട്ടുള്ള ലോക്കല്‍ പോലീസുകാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എ. ആര്‍. ടു എ. ആര്‍. ലിസ്റ്റില്‍ ഉള്‍പ്പെട്ട അടുത്ത സീനിയര്‍ പോലീസുകാര്‍ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## എ. ആർ. ബറ്റാലിയനിലെ അന്തർ ജില്ലാ സ്ഥലംമാറ്റം

**5104 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എ.ആർ ൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി മാറ്റിവച്ചിട്ടുണ്ടോ;

(ബി) 2000 മുതൽ 2011 വരെയുള്ള കാലയളവിൽ തിരുവനന്തപുരം സിറ്റി എ.ആർ ലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെട്ട 254 പോലീസുകാരിൽ എത്ര പേരാണ് ഇനിയും തിരുവനന്തപുരം സിറ്റി എ. ആർ ൽ ജോയിൻ ചെയ്യാതെയുള്ളത്;

(സി) 2012 ൽ തിരുവനന്തപുരം സിറ്റിയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെട്ടിട്ട് ഇതുവരെ ജോയിൻ ചെയ്യാത്ത പോലീസുകാരിൽ എത്ര പേർ തിരുവനന്തപുരത്ത് ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും ജോലി നോക്കുന്നുണ്ട്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ പുനഃക്രമീകരണം</u>

5105 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ആംഡ് റിസർവ്വ് ബറ്റാലിയനും, ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചും (ലോക്കൽ പോലീസ്) തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് 2010-ൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതുവരെയായി; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സംയോജനം നടന്നാൽ ചെറുപ്പക്കാരായ പോലീസ് ഇൻസ്പെക്ടർമാരെയും, ഓഫീസർമാരേയും ലോക്കൽ പോലീസിൽ ലഭിക്കുമെന്നും ഇത് സേനയുടെ ഗുണമേന്മ വർദ്ധിപ്പിക്കുമെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംയോജനത്തിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഇ) സീനിയോറിറ്റി സംബന്ധമായ പ്രശ്നങ്ങൾ ഇതിനു തടസ്സമാണെങ്കിൽ അടുത്തിടെ ആംഡ് റിസർവ്വ് ബറ്റാലിയനിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെ ജനറൽ എക്സിക്യൂട്ടീവിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം എ. ആർ</u>
**ക്യാമ്പിലെ ഇന്റർഡിസ്ട്രിക്ട്ട്രാൻസ്ഫർ**

5106 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി എ.ആർ ലേക്കുള്ള ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ സംബന്ധിച്ച് നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വനിതാ പോലീസുകാർക്ക് എ.ആർ ടു എ.ആർ ട്രാൻസ്ഫർ നൽകുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) 2012ൽ എ.ആർ. ടു എ.ആർ ട്രാൻസ്ഫർ അനുവദിക്കപ്പെട്ട 38 പോലീസുകാരിൽ എത്രപേർ തിരുവനന്തപുരം സിറ്റി എ.ആറിൽ ജോയിന്റ് ചെയ്തിട്ടുണ്ട്;

(സി) ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ അനുവദിക്കപ്പെട്ടവർക്ക് തിരുവനന്തപുരം സിറ്റി എ.ആർ-ൽ ജോയിൻ ചെയ്യുന്നതിന് സമയപരിധിയുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>വളാഞ്ചേരി സ്വദേശി അഖിൽ ശശിധരന്</u>
<u>ആശ്രിത നിയമനം</u>

5107 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കംപാഷനേറ്റ് എംപ്ലോയ്മെന്റ് സ്കീം Vide Ref. No. 60901/കെ3/2010/ഹോം പ്രകാരം മലപ്പുറം ജില്ലയിലെ വളാഞ്ചേരി സ്വദേശി അഖിൽ ശശിധരൻ.എസ്. എന്നയാളുടെ അപേക്ഷ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

(സി) സർവ്വീസിലിരിക്കെ മരണപ്പെട്ട ആഭ്യന്തര വകുപ്പിന് കീഴിലെ ജീവനക്കാരുടെ മക്കൾക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ മേൽ സൂചിപ്പിച്ച അഖിൽ ശശിധരൻ എത്രാമതാണ്;

(ഇ) അഖിൽ ശശിധരന് എന്നത്തേക്ക് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കേരള പോലീസിൽ റിസർവ്വ് എസ്.ഐ.മാരായി നിയമനം ലഭിച്ചവർ**

**5108 ശ്രീ. ബെന്നി ബെഹനാൻ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കേരള പോലീസിൽ റിസർവ്വ് എസ്.ഐ.മാരായി നേരിട്ട് നിയമനം ലഭിച്ച 18 പേരെ കെ.സി.പി. കേഡറിലേയ്ക്ക് ഉൾകൊള്ളിക്കുവാൻ കഴിയുമോ ; ഇല്ലെങ്കിൽ അവരെ മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതിനായി നിയമനിർമ്മാണം നടത്തുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### പോലീസ് സേനയിലെ സ്ഥലംമാറ്റം

5109 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ആംഡ് പോലീസ് ബറ്റാലിയൻ വഴി നിയമനം ലഭിച്ച ശേഷം ജില്ലാ സായുധ റിസർവ്വിലേക്ക് ട്രാൻസ്ഫർ വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി എന്നു മുതലാണ് കണക്കാക്കുന്നത് ;

(ബി) പ്രസ്തുത സീനിയോറിറ്റി അനുവദിച്ച് നൽകുന്നതിന് 1980 മുതലുള്ള മുൻകാലപ്രാബല്യം നൽകി നിലവിലെ സീനിയോറിറ്റി നിർണ്ണയ നിയമം ഭേദഗതി ചെയ്യുന്നതിന് കെ.പി.എസ്.സി.യിൽ നിന്നും അനുവാദം വാങ്ങിയിട്ടുണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ജില്ലാ സായുധ റിസർവ്വിൽ നിയമനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ വാങ്ങി മറ്റൊരു ജില്ലയിലേക്ക് പോയാൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി എപ്രകാരമാണ് കണക്കാക്കുന്നത് ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എറണാകുളം സിറ്റിയിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം**

5110 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സിറ്റി പോലീസ് അതിർത്തിയിലെ സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടേയും സിവിൽ പോലീസ് ഉദ്യോഗസ്ഥരുടേയും സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവ് ഇറങ്ങിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉത്തരവ് റദ്ദാക്കിയെങ്കിൽ കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജയിലുകളും കോടതികളും തമ്മിൽ കമ്പ്യൂട്ടർ ശൃംഖല**

5111 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ ജയിലുകളേയും കോടതികളെയും തമ്മിൽ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിനുളള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികൾക്കാണ് ഈ പ്രവൃത്തിയ്ക്കുളള അനുവാദം ഏല്പിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**ജയിൽ ഉപദേശക സമിതിയിൽ നിന്ന് അനൗദ്യോഗിക അംഗങ്ങളെ പുറത്താക്കിയ നടപടി**

5112 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നിയമിച്ച സമിതികളെ കാലാവധിക്കു മുമ്പ് പിരിച്ച് വിടില്ലെന്ന പ്രസ്താവനയ്ക്ക് വിരുദ്ധമായി കണ്ണൂർ സെൻട്രൽ ജയിൽ ഉപദേശക സമിതിയിൽ നിന്ന് മുൻ സർക്കാർ നിയമിച്ച അനൗദ്യോഗിക അംഗങ്ങളെ പുറത്താക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയെ കാണാൻ ജയിൽ ഉപദേശക സമിതിഅംഗം കണ്ണൂർ സെൻട്രൽ ജയിലിൽ നിരന്തരം പോകുന്നതായി ഇന്റലിജൻസ് റിപ്പോർട്ടിൽ പരാമർശമുണ്ടോ;

(ഡി) ചന്ദ്രശേഖരൻ വധക്കേസിലെ ഏതെങ്കിലും പ്രതിയെ കണ്ണൂർ സെൻട്രൽ ജയിലിൽ ഇതുവരെ റിമാൻഡിൽ പാർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### <u>ജയിൽ ആശുപത്രികൾ</u>

5113

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ ആശുപത്രികളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ചികിത്സാ സൗകര്യം ദുരുപയോഗപ്പെടുത്തുന്നത് തടയാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജയിൽ ആശുപത്രികളിൽ ആധുനിക ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വിചാരണ തടവുകാർ**

**5114**

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 31.05.2012 - ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജയിലുകളിൽ എത്ര വിചാരണ തടവുകാരുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിചാരണ തടവുകാരിൽ എത്ര പേർ സ്ത്രീകളുണ്ടെന്നും, പ്രസ്തുത സ്ത്രീകളിൽ 5 വയസ്സിൽ താഴെ പ്രായമായ കുട്ടികളെ കൂടെ താമസിപ്പിച്ചിട്ടുള്ളവർ എത്ര പേരുണ്ടെന്നും അറിയിക്കുമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**തുറന്ന ജയിൽ**

**5115** **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കേസിൽ ശിക്ഷിക്കപ്പെട്ടവരെയാണ് തുറന്ന ജയിലിൽ പാർപ്പിക്കുന്നത്;

(ബി) വ്യവസ്ഥാ ലംഘനം നടത്തി എത്ര പേർ ഇപ്പോൾ തുറന്ന ജയിലിൽ കഴിയുന്നുണ്ട്;

(സി) വ്യവസ്ഥാ ലംഘനം നടത്തി തുറന്ന ജയിലിൽ പാർപ്പിക്കുവാൻ ഇടയാക്കിയവർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>വാര്‍ഡന്‍, ഹെഡ് വാര്‍ഡന്‍മാരുടെ ഡ്യൂട്ടിസമയം</u>

5116 **ശ്രീ. മുല്ലക്കര രത്നാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ജയില്‍ വകുപ്പില്‍ സബ് ജയില്‍, സ്പെഷ്യല്‍ സബ് ജയില്‍, ജില്ലാ ജയില്‍, സെന്‍ട്രല്‍ ജയില്‍, ഓപ്പണ്‍ ജയില്‍ എന്നിവിടങ്ങളിലെ വാര്‍ഡന്‍, ഹെഡ് വാര്‍ഡന്‍ എന്നീ ജീവനക്കാര്‍ക്ക് രാത്രിയിലും പകലും നല്‍കുന്ന ഡ്യൂട്ടിക്രമവും സമയവും സംബന്ധിച്ച് വിശദാംശം നല്‍കാമോ;

(ബി) ഹെഡ് വാര്‍ഡന് 12 മണിക്കൂര്‍ മുതല്‍ 24 മണിക്കൂര്‍ വരെ തുടര്‍ച്ചയായി ഡ്യൂട്ടി നല്‍കുന്നുണ്ടോ; എങ്കില്‍ ഇതിന് മാറ്റം വരുത്തുമോ;

(സി) ജയില്‍ വകുപ്പിനാകെ ബാധകമാകുന്ന തരത്തില്‍ വാര്‍ഡന്‍, ഹെഡ് വാര്‍ഡന്‍ തസ്തികകയില്‍ ഏകീകൃതമായ ഡ്യൂട്ടി ക്രമവും സമയവും ജയില്‍ ജീവനക്കാരുടെ സംഘടനകളുമായി ചര്‍ച്ച ചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാര്‍ഡന്‍, ഹെഡ് വാര്‍ഡന്‍ തസ്തികകളില്‍ രാത്രിയും പകലും ഡ്യൂട്ടി സംബന്ധിച്ച് 'മുള്ളാ കമ്മീഷന്‍' റിപ്പോര്‍ട്ടിലും 'ഉദയഭാനു കമ്മീഷന്‍' റിപ്പോര്‍ട്ടിലും എന്തെല്ലാം ശുപാര്‍ശകളാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**കൊട്ടാരക്കര സബ്ജയിൽ നവീകരണം**

**5117 ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര സബ്ജയിലിൽ എത്ര പേരെ പാർപ്പിക്കുന്നതിനുള്ള സൗകര്യമാണുള്ളത്;

(ബി) പ്രസ്തുത ജയിലിൽ നിലവിൽ എത്ര പേരെ പാർപ്പിച്ചിട്ടുണ്ട്;

(സി) ഇവിടെ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) ജയിൽ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരക്കര സബ്ജയിൽ നവീകരണത്തിന് ഈ വർഷം സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**ഫയർമാൻ ട്രെയിനി**

5118 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഫയർമാൻ ട്രെയിനി തസ്തികയിലേക്ക് പി.എസ്.സി. യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ച 795 ഉദ്യോഗാർത്ഥികൾക്ക് മൂന്ന് മാസം കഴിഞ്ഞിട്ടും നിയമനം നല്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമനം വൈകിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

5119 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിച്ചത് എന്നാണ്; പ്രസ്തുത ഫയർ സ്റ്റേഷനിൽ ഇപ്പോൾ ഏതൊക്കെ വാഹനങ്ങളാണ് അനുവദിച്ചിട്ടുളളത്; ഇതിൽ പ്രവർത്തന ക്ഷമമമായിട്ടുളളവ ഏതൊക്കെയാണ്;

(ബി) ഫയർ ടെൻഡറുകളും ആംബുലൻസ് അടക്കമുളള വാഹനങ്ങളും ഓടിക്കുന്നതിന് എത്ര ഡ്രൈവർമാരാണ് റാന്നി ഫയർ സ്റ്റേഷനിൽ നിലവിലുളളത്; ഡ്രൈവർ തസ്തിക ഉൾപ്പെടെ പ്രസ്തുത സ്റ്റേഷനിൽ അനുവദിക്കപ്പെട്ടിട്ടുളള തസ്തികകളും അവയിൽ ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വർഷകാലത്തുണ്ടാകുന്ന അപകടങ്ങൾ നേരിടുന്നതിനായി റബർ ബോട്ട്, മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ആധുനിക സംവിധാനങ്ങൾ എന്നിവ ഇവിടെ ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേടായതും ഉപയോഗശൂന്യമായതുമായ ഫയർ ടെൻഡറുകളും മറ്റുവാഹനങ്ങളും മാറ്റി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ഇ) റാന്നി ഫയർ സ്റ്റേഷനുവേണ്ടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മല്ലപ്പള്ളിയിൽ ഫയർ സ്റ്റേഷൻ</u>**

**5120**

**ശ്രീ. മാത്യു റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ ഫയർ സ്റ്റേഷൻ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>തൃപ്രയാറിൽ ഫയർ സ്റ്റേഷൻ</u>**

**5121 ശ്രീമതി. ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ തൃപ്രയാറിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിൽ പുതിയ ഫയർസ്റ്റേഷൻ</u>

5122 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിൽ പുതിയ ഫയർസ്റ്റേഷൻ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത്;

(ബി) പ്രസ്തുത ഫയർസ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര അഗ്നിശമന രക്ഷാ നിലയം**

5123

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര അഗ്നിശമന രക്ഷാ നിലയം പ്രവർത്തനം ആരംഭിച്ച ശേഷം പ്രസ്തുത നിലയത്തിന്റെ നവീകരണത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) രക്ഷാനിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയതായി ലഭ്യമാക്കേണ്ട ഉപകരണങ്ങൾ ഏതെല്ലാമാണ്; അവ ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) രക്ഷാനിലയത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കൊല്ലംങ്കോട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

**5124 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനു വേണ്ടി കൊല്ലങ്കോട് ട്രഷറി വളപ്പിലെ റീ സർവ്വേ നമ്പർ 523/11-ൽപ്പെട്ട 50 സെന്റ് സ്ഥലം കൈമാറി കിട്ടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം കൈമാറി കിട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതു വകുപ്പിൽ നിന്നുമാണ് സ്ഥലം കൈമാറി കിട്ടേണ്ടത്;

(സി) ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കേണ്ടത് ഏത് വകുപ്പാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ഫയർ സ്റ്റേഷന്റെ പ്രവർത്തനം</u>

5125

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ സ്റ്റേഷന്റെ പ്രവർത്തനപരിധി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) ഫയർ& റസ്ക്യൂ പ്രവർത്തങ്ങൾക്ക് എത്ര വാഹനങ്ങളാണ് ഫയർ സ്റ്റേഷനിലുളളത്;

(ഇ) പ്രസ്തുത സ്റ്റേഷന് പുതുതായി ഫയർ ആൻറ് റെസ്ക്യൂ വാഹനങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## പാമോലിൻ കേസിലെ തുടർ അന്വേഷണ റിപ്പോർട്ട്

5126 ശ്രീ. എ. കെ. ബാലൻ
ഡോ: ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ കേസിലെ തുടർ അന്വേഷണ റിപ്പോർട്ട് ഏറ്റവും ഒടുവിൽ തൃശൂരിലെ വിജിലൻസ് കോടതിയിൽ സമർപ്പിച്ചത് എന്നായിരുന്നു ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) റിപ്പോർട്ട് തയ്യാറാക്കിയ വിജിലൻസ് അധികൃതർ അത് കോടതിയിൽ സമർപ്പിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട പ്രോസിക്യൂട്ടറുമായി കൂടിയാലോചന നടത്തുകയോ രേഖകൾ കൈമാറുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ കൂടിയാലോചന നടത്തിയതെപ്പോഴാണ് ; രേഖകൾ കൈമാറിയതെപ്പോഴാണ് ;

(സി) പാമൊലിൻ കേസിലെ പ്രതികൾക്കെതിരെ 1999 നവംബർ 22ന് സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരുന്ന കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണോ ഇപ്പോഴത്തെ തുടർ അന്വേഷണ റിപ്പോർട്ടിലുള്ളത് ; വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 25.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.